# Thiruvananthapuram Educational District

## Social Science

**Time: 1½ hrs**

**STD:X** **SCORE:40**

---

1.

(a) 1949
(b) ഡിസംബർ 22
(c) ചിന്തക്ക്
(d) യാസർ അറഫാത്ത്
(e) ന്യൂയോർക്ക്
(f) ഹേമന്തം

2

- ശൈത്യഅയനാന്തദിനത്തെ തുടർന്ന് സൂര്യൻ ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്കുള്ള അയനം ആരംഭിക്കുകയും ജൂൺ 21 ന് ഉത്തരായനരേഖയ്ക്ക് നേർമുകളിൽ എത്തുകയും ചെയ്യുന്നു.
- ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ഉത്തരായനം എന്ന് വിളിക്കുന്നു
- ഗ്രീഷ്മ അയനാന്തത്തെ തുടർന്ന് ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക് അയനം ആരംഭിക്കുകയും ഡിസംബർ 22 ന് ന ദക്ഷിണായനരേഖയ്ക്ക് നേർമുകളിൽ എത്തുകയും ചെയ്യുന്നു.
- ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ദക്ഷിണായനം എന്ന് വിളിക്കുന്നു.

3

➔ ഉയരം
➔ താപം

TVM EDL DIST

➔ ആർദ്രത

4 (ഏതെങ്കിലും മൂന്നെണ്ണം)

- ഒന്നാം ലോക യുദ്ധത്തിൽനിന്ന് റഷ്യ പിന്മാറി.
- ഭൂമി പിടിച്ചെടുത്തു കർഷകർക്ക് വിതരണം ചെയ്തു.
- പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു.
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.
- സാമ്പത്തിക-ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ പുരോഗതി കൈവരിച്ചു.
- 1924 ൽ പുതിയ ഭരണഘടന നിലവിൽ വന്നു
- സോവിയറ്റ് റിപ്പബ്ലിക്കുകൾ കൂടിച്ചേർന്ന് സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെടുകയും ചെയ്തു
- ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി

5

- മിഖായേൽഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ.
- സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം
- ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും
- സാമ്പത്തികരംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം

6

➔ ശൈത്യകാലത്തിൽ നിന്നും വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം

➔ ചെടികൾ തളിർക്കുന്നു ,പുഷ്പിക്കുന്നു

➔ മാവ് പൂക്കുന്നു

➔ പ്ലാവുകളിൽ ചക്കയുണ്ടാകുന്നു

7

- ദേശീയത - മഞ്ചൂറിയൻ പ്രദേശക്കാരായ മഞ്ചു രാജവംശത്തെയും സാമ്രാജ്യ ശക്തികളെയും പുറത്താക്കുക
- ജനാധിപത്യം - ജനാധിപത്യഭരണം സ്ഥാപിക്കുക
- സോഷ്യലിസം - മൂലധനത്തെ നിയന്ത്രിക്കുകയും ഭൂമി തുല്യമായി വിതരണം നടത്തുകയും ചെയ്യുക

TVM EDL DIST

- കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടു പോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനികൾ നിർമിച്ച കപ്പലുകളിലോ മാത്രമായിരിക്കണം

- കോളനികളിൽ ഉൽപാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി ,പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ

- കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ,വർത്തമാനപത്രങ്ങൾ ,ലഘുലേഖകൾ, ലൈസൻസുകൾ തുടങ്ങിയവയിലെല്ലാം ഇംഗ്ലണ്ടിലെ മുദ്ര പതിപ്പിക്കണം

- കോളനികളിൽ നിലനിര്'ത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിന് താമസ. സ്ഥലവും അത്യാവശ്യ സൗകര്യങ്ങളും നൽകണം

- കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം

9 ***ഗ്രീഷ്മ അയനാന്തം***

മാർച്ച് 21 മുതൽ മധ്യ രേഖയിൽ നിന്ന് വടക്കോട്ട് അയനം ചെയ്ത് ജൂൺ 21 ന് സൂര്യൻ ഉത്തരായന രേഖയ്ക്ക് നേർമുകളിൽ എത്തുന്നു. ഈ ദിനത്തെ ഉത്തരാർധഗോളത്തിൽ ഗ്രീഷ്മഅയനാന്തം എന്ന് വിളിക്കുന്നു. ഉത്തരാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നത് ഈ ദിനത്തിലാണ്

***ശൈത്യഅയനാന്തം***

TVM EDL DIST

സെപ്റ്റംബർ 23 മുതൽ മധ്യരേഖയിൽ നിന്നും തെക്കോട്ട് അയനം തുടരുന്ന സൂര്യൻ ഡിസംബർ 22 ന് ദക്ഷിണായനരേഖയ്ക്ക് നേർമുകളിൽ എത്തുന്നു .ഈ ദിനത്തെ ഉത്തരാർദ്ധഗോളത്തിൽ ശൈത്യ അയനാന്തദിനം എന്ന് വിളിക്കുന്നു. ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ഹ്രസ്വമായ പകലും ഏറ്റവും ദൈർഘ്യമുള്ള രാത്രിയും അനുഭവപ്പെടുന്നു

10 ***അന്താരാഷ്ട്ര ദിനാങ്കരേഖ***

- 180 ഡിഗ്രി രേഖാംശരേഖ
- പസഫിക് സമുദ്രത്തിലെ ബെറിങ് കടലിടുക്കിലൂടെ കടന്നുപോകുന്നു
- ജനവാസമുള്ള ചില ദ്വീപുകളെ ഒഴിവാക്കിയിട്ടുണ്ട്
- ഈ രേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു

11 ***കാലികവാതങ്ങൾ***

നിശ്ചിത ഇടവേളകളിൽ മാത്രം ആവർത്തിച്ചുണ്ടാകുന്ന കാറ്റുകളെ കാലികവാതങ്ങൾ എന്ന് വിളിക്കുന്നു

- മൺസൂൺ കാറ്റുകൾ
- കരക്കാറ്റും കടൽക്കാറ്റും
- പർവതക്കാറ്റും താഴ്വരക്കാറ്റും

***12 ചേരിചേരാപ്രസ്ഥാനം***

രണ്ടാം ലോകയുദ്ധാനന്തരം ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും അനേകം രാജ്യങ്ങൾ സ്വതന്ത്രമായി. ശീതസമരം സാമ്രാജ്യത്വത്തിന്റെ മറ്റൊരു രൂപമാണെന്നും ലോകസമാധാനത്തിന് ഭീഷണി ആണെന്നും ഈ രാജ്യങ്ങൾ തിരിച്ചറിഞ്ഞു. മുതലാളിത്ത ചേരിയുടെയോ മുതലാളിത്ത ചേരിയുടെയോ സോഷ്യലിസ്റ്റ് ചേരിയുടെയോ ഭാഗമാകാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം

- ✔ ജവഹർലാൽനെഹ്റു
- ✔ ഗമാൽ അബ്ദുൽ നാസർ

TVM EDL DIST

- ✔ മാർഷൽ ടിറ്റോ
- ✔ അഹമ്മദ് സുക്കാർണോ

13.

| | A | B |
|---|---|---|
| a | ലിറ്റിൽ ബോയ് | ഹിരോഷിമ |
| b | കരിങ്കുപ്പായക്കാർ | മുസ്സോളിനി |
| c | ലോങ് മാർച്ച് | ചൈന |
| d | അമ്മ | മാക്സിം ഗോർക്കി |

***14 . ഫ്രഞ്ച്സമൂഹം***

**ഒന്നാമത്തെ എസ്റ്റേറ്റ്**

- ധാരാളം ഭൂപ്രദേശം കൈവശം വച്ചു
- എല്ലാത്തരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു
- കർഷകരിൽനിന്നു തിഥെ എന്നപേരിലുള്ള നികുതിപിരിച്ചു
- ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു

**രണ്ടാമത്തെ എസ്റ്റേറ്റ്**

- സൈനിക സേവനം നടത്തി
- നികുതികളിൽ നിന്നുംഒഴിവാക്കപ്പെട്ടുന്നു
- കർഷകരിൽനിന്ന് പലതരം നികുതികൾ പിരിച്ചു
- വേതനം നൽകാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു

**മൂന്നാമത്തെ എസ്റ്റേറ്റ്**

- താഴ്ന്ന സാമൂഹിക പദവി

TVM EDL DIST

- ഭരണത്തിൽ ഒരുവകാശവുമില്ല
- പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണം
- തൈലേ എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം

15 സ്റ്റാൻഡേർഡ് സമയം

- രാജ്യങ്ങളുടെ കേന്ദ്ര ഭാഗത്ത് കൂടി കടന്നുപോകുന്ന രേഖാംശത്തിലെ പ്രാദേശിക സമയത്തെ രാജ്യത്ത് മുഴുവൻ പൊതുസമയമായാണ് സാധാരണ കണക്കാക്കുന്നത്.
- ലോകത്തിലെ ഓരോ രാജ്യവും ഇത്തരത്തിൽ ഏറെക്കുറെ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി പരിഗണിക്കുന്നു.
- മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് രാജ്യത്തിന്റെ മാനകസമയം.

ഗ്രീനിച്ച് സമയം

- പൂജ്യം ഡിഗ്രി രേഖാംശ രേഖ
- ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണശാല സ്ഥിതിചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്ത് കൂടി കടന്നുപോകുന്നു
- ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം കണക്കാക്കുന്നത് അതിനാൽ ഈ രേഖയെ പ്രൈം മെറിഡിയൻ എന്നുംവിളിക്കുന്നു
- ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ലോകത്തെ 24 സമയമേഖലകളായി തിരിച്ചിരിക്കുന്നു

TVM EDL DIST